ഡോക്ടർമാരുടെ തസ്തികകളിൽ പ്രമോഷൻ വഴി നികത്താൻ കഴിയുന്നവ ഡി.പി.സി. കൂടി പ്രമോഷൻ നൽകിയും, ലക്ചറർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളവയിൽ അതുവഴിയും നിലവിലില്ലാത്ത വയിൽ കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തുന്നുണ്ട്. പാരാമെഡിക്കൽ വിഭാഗങ്ങളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള വയിൽ അതുവഴിയും നിലവിലില്ലാത്തവയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്തുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലും ഐ.എം.സി.എച്ചിലും ആശുപത്രി വികസന സൊസൈറ്റി നടത്തുന്ന നിയമനങ്ങൾ

130 [955] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലും ഐ.എം.സി.എച്ച്-ലും ആശുപത്രി വികസന സൊസൈറ്റി നടത്തുന്ന നിയമനങ്ങൾക്ക് എന്തെങ്കിലും മാനദണ്ഡം നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്.

(ബി) ഇപ്രകാരം നിയമിതരാകുന്നവർക്ക് നിലവിലുള്ള സേവനവേതന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) താൽക്കാലികാടിസ്ഥാനത്തിലുള്ള ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസവാവധി നിഷേധിക്കപ്പെടുകയും ലീവെടുത്തതിനെ തുടർന്ന് വനിതകളെ പിരിച്ചു വിടുകയും ചെയ്ത എച്ച്.ഡി.എസ്. നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര പേരെ ഇപ്രകാരം പിരിച്ചു വിട്ടിട്ടുണ്ട്;

(ജി) ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതുവരെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. താൽക്കാലിക നിയമന ങ്ങൾ നടത്തിവരുന്നത്, ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പാൾ, ആശുപത്രി സൂപ്രണ്ട്, ഒരു സബ്ജക്ട് എക്സ്പെർട്ട് എന്നിവരുൾപ്പെടുന്ന ഒരു ബോർഡ് ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സേവന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ഒന്നും നിലവിലില്ല. ഇവർക്ക് സർക്കാരിലെ സ്ഥിരം ജീവനക്കാരുടെ മാതിരി ഡ്യൂട്ടിയാണ് നൽകിവരുന്നത്. ഇവരുടെ വേതനം സംബന്ധിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു.

തസ്തിക		*വേതനം*
സ്വീപ്പർ, ക്ലീനർ	..	85 രൂപ പ്രതിദിനം
നഴ്സ്	..	3300 രൂപ പ്രതിമാസം
ലാബ് ടെക്നീഷ്യൻ	..	110 രൂപ പ്രതിദിനം
സെക്യൂരിറ്റി	..	90 രൂപ പ്രതിദിനം (രാത്രി ഡ്യൂട്ടിക്ക് 95 രൂപ)
ഡ്രൈവർ	..	50 രൂപ+കമ്മീഷൻ 15 രൂപ പ്രതിദിനം
ക്ലാർക്ക്	..	120 രൂപ പ്രതിദിനം

(സി ആന്റ് ഡി) എം.സി.എച്ച്., ഐ.സി.എച്ച്. എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനങ്ങൾ നടത്തുന്നു. ഐ.എം.സി.എച്ച്.-ൽ ഇപ്രകാരം നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ ആന്റ് എഫ്) ഉണ്ട്. ഇങ്ങനെ മൂന്നു ജീവനക്കാരെ പിരിച്ചുവിടുകയും പിന്നീട് അവധി കഴിഞ്ഞ് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കപ്പെട്ടശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി. ജീവനക്കാർ

131 [956] ശ്രീ: കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഇവരിൽ മുളങ്കുന്നത്തുകാവിൽ ജോലി ചെയ്യുന്നവർ എത്ര;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ ജോലി ചെയ്യുന്നവരുടെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, വർഷം ഇപ്പോൾ വാങ്ങുന്ന വേതനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ടൗണിൽ നിന്ന് മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുമ്പോൾ എച്ച്.ഡി.സി. ജീവനക്കാരെകൂടി അവിടെക്ക് മാറ്റുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly